നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 32 പദ്ധതികളും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കൊച്ചി നഗരത്തിനും സമീപ പഞ്ചായത്തുകൾക്കുമായിട്ടുള്ള വിപുലീകരണ പദ്ധതിയും കൊല്ലം ശുദ്ധജലവിതരണ പദ്ധതിക്കായി കല്ലടയാറ്റിൽ കടപുഴ നിന്നും ജലം ലഭ്യമാക്കുന്ന പദ്ധതിയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലേക്ക് ജർമ്മൻ സഹായത്തോടെയുള്ള രണ്ട് പദ്ധതികളും യു.ഐ.ഡി.എസ്.എസ്.എം.ടി. ധനസഹായത്തോടെയുള്ള 12 പദ്ധതികളും നടപ്പിലാക്കിവരുന്നു. എല്ലാ വൻകിട പദ്ധതികളും വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ പാസ്സ് (പി.എ.എസ്.കെ.) സംവിധാനത്തിലും വീഡിയോ കോൺഫറൻസ് വഴിയും അവലോകനം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നബാർഡ്, ജൈക്ക, ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്.എം.ടി. എന്നിവയാണ് വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹകരിക്കുന്നത്.

(ബി) വൻകിട കടിവെള്ള പദ്ധതികൾ പൂർത്തിയാകുന്നതോടൊപ്പം കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതോടൊപ്പം വരൾച്ച പ്രതിരോധിക്കുന്നതിനും ഇത്തരം പദ്ധതികൾ ഉപകരിക്കുന്നതാണ്.

താനൂർ നിയോജകമണ്ഡലത്തിലൂടെ കനോലി കനാൽ

166 (858) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലൂടെ ഉണ്യാൽ മുതൽ പൂരപ്പുഴവരെ എത്ര കിലോമീറ്റർ ദൂരത്തിലാണ് കനോലി കനാൽ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ മണ്ണെടുത്ത് ആഴംകൂട്ടി കരകൾ ഭിത്തികെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി എത്രകിലോമീറ്റർ ദൂരത്തിൽ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇതിനായി എത്ര തുക വിനിയോഗിച്ചെന്നും ബാക്കിവരുന്ന പ്രവൃത്തികൾക്ക് എത്ര തുക ആവശ്യമായി വരുമെന്നും വിശദമാക്കാമോ ;

(ഡി) ചെളികെട്ടി മാലിന്യം കനംകൂടിയടിഞ്ഞ് കനാലുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ബാക്കിഭാഗംകൂടി മണ്ണെടുത്ത് കര ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിലൂടെ ഉണ്യാൽ മുതൽ പൂരപ്പുഴവരെ കനോലി കനാലിന്റെ (ടി.കെ.കനാൽ) നീളം 11 കിലോമീറ്ററാണ്.

(ബി) ഇതിൽ 960 മീറ്റർ നീളം ആഴം കൂട്ടി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഇതുകൂടാതെ 960 മീറ്റർ നീളം ആഴം കൂട്ടി സംരക്ഷണഭിത്തി കെട്ടുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(സി) മുകളിൽ പ്രതിപാദിച്ച രണ്ട് പ്രവൃത്തികൾക്ക് 900 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതുവരെ തുകയൊന്നും ചെലവാക്കിയിട്ടില്ല. ബാക്കി പ്രവൃത്തികൾക്ക് ഏകദേശം 50 കോടി രൂപ ചെലവ് വരുന്നതാണ്.

(ഡി) കനോലി കനാലിന്റെ ബാക്കി ഭാഗം സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ചീക്കോട് കുടിവെള്ള പദ്ധതി

167 (859) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഫറോക്ക്, കരുവൻതിരുത്തി വില്ലേജുകളെ അതിൽ നിന്നൊഴിവാക്കി ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻചെയ്ത സാഹചര്യത്തിൽ ഫറോക്ക് പഞ്ചായത്തിന് വെള്ളംനൽകുന്ന നടപടി ത്വരിതപ്പെടുത്തുമോ ; വ്യക്തമാക്കുമോ ;

(സി) ചീക്കോട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഫറോക്ക്, കരുവൻതിരുത്തി വില്ലേജുകളെ അതിൽ നിന്നൊഴിവാക്കി രാമനാട്ടുകര പഞ്ചായത്തിനെ ചീക്കോട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഉത്തരവ് ലഭ്യമാക്കുമോ ;

(ഡി) ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി എത്രത്തോളമായി ; എന്ന് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.